**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

(സംഗ്രഹം)

അക്കാദമികം - എൻ.സി.സി വാർഷിക പരിശീലനക്യാമ്പ് (ATC) - ഗ്രേസ്മാർക്ക് - കോഴ്സ് കാലയളവിൽ ഒരു വർഷത്തേക്ക് മാത്രമായി നിജപ്പെടുത്തി ഉത്തരവാകുന്നു

**അക്കാദമിക് എ VIII സെക്ഷൻ**

നം. 7352/എസിഎ VIII/01/2018 തീയതി; പി.ഡി ഹിൽസ്, 11.10.2018

പരാമർശം : (1) 16.04.2016 - ലെ 2180/01/എസിഎ VIII/2016 നമ്പർ സർവ്വകലാശാലാ ഉത്തരവ്.
(2) 20.02.2017 - ലെ 1013/01/എസിഎ VIII/2017 നമ്പർ സർവ്വകലാശാലാ ഉത്തരവ്.

**ഉത്തരവ്**

എൻ.സി.സി പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വാർഷിക പരിശീലന ക്യാമ്പിന് പരാമർശം (2) ഉത്തരവ് പ്രകാരം 3% ഗ്രേസ്മാർക്ക് അനുവദിക്കുന്നുണ്ട്. കോഴ്സ് കാലയളവിലെ ഒന്നിലധികം വർഷങ്ങളിൽ വാർഷിക പരിശീലന ക്യാമ്പിൽ പങ്കെടുത്തിട്ടുള്ള വിദ്യാർത്ഥികൾ ടി ഉത്തരവ് പ്രകാരമുള്ള 3% ഗ്രേസ്മാർക്ക്, ക്യാമ്പിൽ പങ്കെടുത്ത എല്ലാ വർഷങ്ങളിലും നല്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വകലാശാലയിൽ അപേക്ഷകൾ സമർപ്പിക്കുന്നുണ്ട്.

ബിരുദ വിദ്യാർത്ഥികൾക്ക് ഗ്രേസ്മാർക്ക് അനുവദിക്കുന്നതിനുള്ള പൊതുനിയമങ്ങൾ വ്യക്തമാക്കുന്ന പരാമർശം (1) ഉത്തരവിലെ മാർഗരേഖ അനുസരിച്ച് എല്ലാ ഇനങ്ങൾക്കും കൂടി ഒരു അധ്യയന വർഷത്തിൽ 25 ശതമാനത്തിൽ അധികം ഗ്രേസ്മാർക്ക് നല്കാൻ കഴിയില്ല. പരാമർശം (2) ഉത്തരവ് പ്രകാരം ഗ്രേസ് മാർക്കിന് അർഹതയുള്ള, 'ബി' സർട്ടിഫിക്കറ്റ്, 'സി' സർട്ടിഫിക്കറ്റ് എന്നിവ നേടുന്നതിനുള്ള അടിസ്ഥാനയോഗ്യതയായി നിശ്ചയിച്ചിരിക്കുന്ന വാർഷിക പരിശീലന ക്യാമ്പിന് ഒന്നിലധികം വർഷം ഗ്രേസ്മാർക്ക് അനുവദിക്കുന്നത് ഒരേ കാരണത്തിന് ഇരട്ട ആനുകൂല്യം അനുവദിക്കുന്നതിന് തുല്യമാകും എന്ന് ബോധ്യപ്പെട്ടതിനാൽ എൻ.സി.സി വാർഷിക പരിശീലന ക്യാമ്പിൽ പങ്കെടുക്കുന്നതിനുള്ള ഗ്രേസ് മാർക്ക് ഒരു വർഷത്തേക്ക് മാത്രമായി നിജപ്പെടുത്തി വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസ്സർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഒപ്പ്)
രമേഷ് നാരായൺ
അസിസ്റ്റന്റ് രജിസ്ട്രാർ II( അക്കാദമിക് )
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ് ,

(1) വൈസ് ചാൻസിലറുടെ /പ്രോ വൈസ് ചാൻസിലറുടെ പി എസ്
(2) രജിസ്ട്രാറുടെ /പരീക്ഷാ കൺട്രോളറുടെ പി എ
(3) എ .ആർ /ഡി .ആർ /ജെ.ആർ (അക്കാദമിക്/പരീക്ഷ)
(4) ടാബുലേഷൻ സെക്ഷനുകൾ
(5) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ (അപ് ലോഡ് ചെയ്യുന്നതിനായി )
(6) എൻക്വയറി
(7) കരുതൽ ഫയൽ /ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

ഫയൽ നം. ACAVIII/01/2016(CBCSS I/2/39/2015)

സെക്ഷൻ ഓഫീസർ